**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 105** **23-08-2022 - ൽ മറുപടിയ്ക്ക്**

**സെക്രട്ടേറിയേറ്റിന് മുന്നിലെ സമരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ നേതൃത്വത്തിൽ സെക്രട്ടേറിയേറ്റിന് മുന്നിൽ നടത്തുന്ന സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 20.7.2022 മുതൽ 30.7.2022 വരെ പതിനൊന്ന് ദിവസമാണ് സമരമുണ്ടായിരുന്നത്. പ്രശ്ന പരിഹാരത്തിന് ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ സമരക്കാരുടെ പ്രതിനിധികളുമായി 2022 ആഗസ്റ്റ് 19 വൈകുന്നേരം 4 മണിക്ക് ചർച്ച നടത്തിയിരുന്നു. ചർച്ചയിൽ ബഹുമാനപ്പെട്ട ഗതാഗത വകുപ്പ് മന്ത്രി ലത്തീൻ അതിരൂപത പ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തിരുന്നു. സമരത്തിനാധാരമായ വിഷയങ്ങൾ വിശദമായി ചർച്ച ചെയ്യുകയും അതിരൂപത ഉന്നയിച്ച വിഷയങ്ങൾ അനുഭാവപൂർവ്വം പരിശോധിച്ച് തുടർചർച്ച ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത സമരം സെക്രട്ടേറിയേറ്റിന് മുന്നിൽ എന്ന് മുതലാണ് ചെയ്യുന്നതെന്നും സമരം തുടങ്ങിയിട്ട് എത്ര ദിവസമായെന്നും പ്രശ്നം പരിഹരിക്കാൻ ഇതു വരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കുമോ? | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ